**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2021** — **12-09-2023 - ൽ മറുപടിയ്ക്ക്**

**വളർത്തു മൃഗങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് അന്യസംസ്ഥാനത്തുനിന്നും വാങ്ങുന്ന കിടാരികളുടെയും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ഇപ്രകാരം വാങ്ങുന്ന കിടാരികളും കറവപ്പശുക്കളും കുറച്ചു ദിവസം കഴിയുമ്പോൾ അസുഖം പിടിപെട്ട് ക്ഷീരകർഷകർക്ക് വലിയ നഷ്ടങ്ങൾ ഉണ്ടാവുന്നത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നല്ല കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിനുള്ള വിദഗ്ധ സമിതി രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; | (എ) | **സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് അന്യസംസ്ഥാനത്തു നിന്നും വാങ്ങുന്ന കിടാരികളുടെയും കറവപ്പശുക്കളുടെയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ സംസ്ഥാന അതിർത്തികളിലുള്ള തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സംഘങ്ങൾ മുഖേന ക്വാറന്റൈൻ സെന്റേഴ്സ് സർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടു വരുന്ന ഉരുക്കളെ ക്വാറന്റൈൻ സെന്ററുകളിൽ നിശ്ചിത കാലം പാർപ്പിച്ച് ആരോഗ്യപ്രശ്നങ്ങൾ ഒന്നും ഇല്ലായെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമാണ് കേരളത്തിലുള്ള ഫാമുകളിലേക്ക് നൽകുന്നത്. കൂടാതെ പശുക്കളേയും കിടാരികളേയും വാങ്ങുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന വിദഗ്ധ സമിതിയെ ബ്ലോക്കുതലത്തിൽ രൂപീകരിച്ചിട്ടുണ്ട്.** |
| (ബി) | കാലിത്തീറ്റയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പ്രാദേശിക ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണനിലവാരം ഉള്ളതും ചെലവു കുറഞ്ഞതുമായ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനും പാൽ ഉപയോഗിച്ചുകൊണ്ടുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണരീതിയും പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന ഗുണനിലവാരം ഉള്ളതും ചെലവു കുറഞ്ഞതുമായ കാലിത്തീറ്റ ഉല്പാദനവും, പാൽ ഉപയോഗിച്ചു കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ രീതിയും പരിശീലിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ